ശ്രീ. മത്തായി മാഞ്ഞൂരാൻ : ഇതു് മന്ത്രിയുടെ വിവരം അല്ല. കയർ വ്യവസായത്തെ സംബന്ധിച്ചുള്ള വിവരമാണു് ശേഖരിച്ചുവരുന്നതു്. അതു് കിട്ടിയാലുടനെ പറയാം.

കുടുംബാസൂത്രണത്തിനു് തീവ്രയത്നപരിപാടി.

30. [52] ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ
,, പി. കെ. കുഞ്ഞച്ചൻ
,, സി. ഗോവിന്ദപ്പണിക്കർ
,, എം. കെ. കേളു
,, ഈ. പി. കൃഷ്ണൻനമ്പ്യാർ
,, ആർ കൃഷ്ണൻ (പാലക്കാടു്) : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബാസൂത്രണത്തിനു് ഒരു തീവ്രയത്നപരിപാടി നടപ്പിലാക്കുവാൻ പോകുന്നു എന്ന വാർത്ത ശരിയാണോ ;

(ബി) ശരിയാണെങ്കിൽ അതേപ്പറ്റിയുള്ള വിശദവിവരങ്ങൾ വെളിപ്പെടുത്തുവാൻ ദയവുണ്ടാകുമോ ?

ആരോഗ്യമന്ത്രി (ശ്രീ. ബി. വെല്ലിംഗ്ടൺ) :

(എ) 16-7-1969 മുതൽ 30-7-1969 വരെ കുടുംബാസൂത്രണത്തിനു് ഒരു തീവ്രയത്നപരിപാടി നടപ്പിലാക്കിയിരുന്നു.

(ബി) കുടുംബാസൂത്രണത്തിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിൽ നിശ്ചയിക്കപ്പെട്ടിരിയ്ക്കുന്ന ടാർജറുകൾ നേടുന്നതിനുള്ള പരിശ്രമത്തെ ത്വരിതപ്പെടുത്തുന്നതിനു ഒരു വർഷത്തിൽ മൂന്നോ നാലോ പ്രാവശ്യം രണ്ടാഴ്ചക്കാലമോ ഒരു മാസക്കാലമോ നീണ്ടു നിൽക്കുന്ന കുടുംബാസൂത്രണ തീവ്രയത്നപരിപാടികൾ നടപ്പിലാക്കാറുണ്ടു്. ഇങ്ങനെയുള്ള തീവ്രയത്നപരിപാടികൾ കുടുംബാസൂത്രണ സേവനം നടത്തുന്ന എല്ലാ കേന്ദ്രങ്ങളിലും എല്ലാ ജില്ലാ താലൂക്കാശുപത്രികളിലും എല്ലാ ബ്ലോക്കുകളിലും പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും നടപ്പാക്കാറുണ്ടു്. ഇക്കാലത്തു് കുടുംബാസൂത്രണ ക്യാമ്പുകളും സെമിനാറുകളും സംഘടിപ്പിക്കപ്പെടുന്നു. വന്ധ്യംകരണ ശസ്ത്രക്രിയയും ലൂപ്പു നിക്ഷേപവും വൻതോതിൽ നടത്തുന്നതിനു് ഒരു തീവ്രശ്രമം ചെയ്യുന്നു. ഇക്കാലയളവിൽ പ്രശസ്തമായ സേവനമനുഷ്ഠിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ള കുടുംബാസൂത്രണ പ്രവർത്തകർക്കു് വ്യക്തിപരമായും സംസ്ഥാന തലത്തിലും ജില്ലാതലത്തിലും സമ്മാനങ്ങൾ നൽകാറുണ്ടു്. കുടുംബാസൂത്രണ തീവ്രയത്ന പരിപാടി തുടർച്ചയായി നടപ്പാക്കുന്നതിനു് കേരളത്തിലേയ്ക്കു് ജനസംഖ്യ കൂടിയ കൊല്ലം, എറണാകുളം എന്നീ ജില്ലകളും തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടു്. ഈ ജില്ലകളിൽ ഐ. യു. സി. ഡി. സ്റ്റെറിലൈസേഷൻ, കൺവെൻഷനൽ കോൺട്രാസെപ്റ്റീവ്സ് എന്നിവയ്ക്കുള്ള ടാർജറു സാധാരണയുള്ളതിലും കൂടുതലായിരിയ്ക്കും.

ശ്രീ. പി കെ. കുഞ്ഞച്ചൻ : കുടുംബാസൂത്രണത്തോടു് അനുബന്ധിച്ചു നടത്തുന്ന ഓപ്പറേഷനുകൾ ചില സ്ഥലങ്ങളിലെങ്കിലും വേണ്ടത്ര ശ്രദ്ധ ചെലുത്താത്തതുകൊണ്ടു് അതെല്ലാം പരാജയപ്പെടുന്നു. അക്കാരണത്താൽ അതിനെക്കുറിച്ചുള്ള വിശ്വാസം ആളുകളിൽ ഇപ്പോതാകുന്നതായി അറിയാമോ ? അതുകൊണ്ടു് മേലിലെങ്കിലും ഇത്തരം ഓപ്പറേഷനുകൾ എല്ലാ സ്ഥലങ്ങളിലും വളരെ ശ്രദ്ധാപൂർവ്വം നടത്തുന്നതിനു് ശ്രമിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : ചില സ്ഥലങ്ങളിലെങ്കിലും കുടുംബാസൂത്രണത്തോടു് അനുബന്ധിച്ചു് നടത്തുന്ന ഓപ്പറേഷനുകൾ വിജയിക്കുന്നില്ലെന്നുള്ള ബഹുമാനപ്പെട്ട മെമ്പറുടെ പ്രസ്താവന തെറ്റിദ്ധാരണ ജനിപ്പിക്കുന്നതാണു്. ചുരുക്കം ചില

LIBRARY ARCHIVES Kerala Legislative Assembly

കേസുകളിൽ ഇങ്ങനെയുണ്ടായി കാണുമായിരിക്കാം. എല്ലാസ്ഥലങ്ങളിലും നടത്തുന്ന ഓപ്പറേഷനുകൾ നല്ല രീതിയിലും വേണ്ടത്ര ശ്രദ്ധയോടുംകൂടിയും നടത്തുന്നതിനുള്ള നടപടികളും ഇപ്പോൾതന്നെ കൈക്കൊണ്ടിട്ടുണ്ട്.

ശ്രീ. ഇ പി. കൃഷ്ണൻനമ്പ്യാർ : കുടുംബാസൂത്രണ പരിപാടി കൂടുതൽ വിജയിപ്പിക്കുന്നതിനുവേണ്ടി കൂടുതൽ ടാർജറ്റ് നൽകുന്നതായിട്ടാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. എന്നാൽ ആ നടപടി മാറ്റിയിട്ട് കുടുംബാസൂത്രണ പരിപാടിക്ക് വിധേയരാകുന്ന ദമ്പതിമാരുടെ സന്താനങ്ങൾക്ക് ആരോഗ്യപരമായിട്ടുള്ള കാര്യങ്ങളിൽ കൂടുതൽ മുൻഗണന കൊടുത്ത് ആ കുട്ടികളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനുള്ള ഗ്യാരൻറി ഗവണ്മെൻറിൽനിന്നും കൊടുത്ത് അങ്ങനെ കുടുംബാസൂത്രണ പരിപാടി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഏർപ്പാട് ചെയ്യുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : ഇപ്പോൾതന്നെ അതിനുള്ള ചില ഏർപ്പാടുകളുണ്ട്. ഇനി കൂടുതൽ എങ്ങനെ നടപ്പിലാക്കാൻ കഴിയുമെന്ന് ആലോചിച്ചു വരുന്നുണ്ട്. കുടുംബാസൂത്രണ പരിപാടിക്ക് വിധേയരാകുന്നവർക്ക് ഒരു കാർഡുകൊടുത്ത്, ആ കാർഡുകൊണ്ടു ചെന്നാൽ അവർക്ക് ആവശ്യമായ ചികിത്സകൾ ലഭിക്കുന്നതിന് സാധിക്കത്തക്കവണ്ണമുള്ള നടപടികൾ സ്വീകരിക്കുന്നകാര്യം ആലോചനയിലുണ്ട്.

ശ്രീ. ആർ. കൃഷ്ണൻ : (പാലക്കാട്) കുടുംബാസൂത്രണ പരിപാടിയിൽ പല സമുദായങ്ങളിൽപ്പെട്ട ആളുകളും വിശ്വസിക്കാത്തതുകൊണ്ട്, അവരാരുംതന്നെ ഇതിൽ പങ്കെടുക്കുന്നില്ലെന്നുള്ള വിവരം ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : അങ്ങനെയൊരു കാര്യം ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. എ. എസ്സ്. എൻ. നമ്പീശൻ : കുടുംബാസൂത്രണ തീവ്രയത്ന പരിപാടികളുടെ ഭാഗമായി ഗർഭച്ഛിദ്രം നിയമവിധേയമാക്കുന്ന കാര്യം, സർക്കാർ സ്വീസിലുള്ള ജീവനക്കാരിൽ മൂന്നു കുട്ടികളിൽ കൂടുതലുള്ളവരുടെ ഇൻക്രിമെൻറ് തടയുന്ന കാര്യം, ഇവ ഗവണ്മെൻറിൻറെ ആലോചനയിലുണ്ടോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : അങ്ങനെയൊരു ആലോചനയുണ്ട്.

ശ്രീ. ബി. മാധവൻനായർ : മൂന്നു കുട്ടികളുണ്ടായതിനുശേഷം കുടുംബാസൂത്രണ ആപ്പറേഷനു വിധേയരായവരിൽ ചിലരുടെ മൂന്നു കുട്ടികളും മരിച്ചുപോയതുകാരണം ആപ്പറേഷൻ ക്യാൻസൽചെയ്തു കിട്ടണമെന്നും പല നിവേദനങ്ങളും നടത്തിയിട്ടും നമ്മുടെ സംസ്ഥാനത്തു അത്തരത്തിലുള്ള റീ ഓപ്പറേഷൻ നടത്താനുള്ള ഏർപ്പാടു ഗവണ്മെൻറു ചെയ്തുകൊടുക്കാത്തതുകൊണ്ട് പല കുടുംബങ്ങളും ദുഃഖം അനുഭവിച്ചുവരികയാണെന്നുള്ള വസ്തുതയെ പരിഗണിച്ച് റീ ഓപ്പറേഷൻ ചെയ്തുകൊടുക്കാനുള്ള നടപടികൾ ഗവണ്മെൻറു സ്വീകരിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : സർക്കാർ ഉത്തരവു് ക്യാൻസൽ ചെയ്യുന്നതുപോലെ പെട്ടെന്നു നടത്തിക്കൊടുക്കാൻ സാധിക്കുന്ന ഒരു കാര്യമല്ല ഇതു്. റീ ഓപ്പറേഷൻ വിജയകരമായി നടത്താൻ കഴിയുമോ എന്നുള്ള കാര്യം ഗവണ്മെൻറു് പരിശോധിച്ചുവരുന്നുണ്ടു്.

ശ്രീ. എൻ. കണപതി : സർ, இந்த சபையிலுள்ள மந்திரிகளுக்கும், எம். எல். ஏ. க்களுக்கும் குடும்பக்கட்டுப்பாடு செய்த கணக்கு அல்லது பட்டியல் கையில் இருக்கிறதா என்பதை தெரியப்படுத்தலாமா ?

മി. സ്പീക്കർ : എന്നോടു ചോദിച്ചാൽ ഞാൻ പറഞ്ഞുതരാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. വി. ദക്ഷിണാമൂർത്തി : വിവാഹം കഴിക്കാതെ കുടുംബാസൂത്രണം ഫലപ്രദമായി നടപ്പാക്കുന്ന ആളുകൾക്ക് പാരിതോഷികം നൽകുന്ന കാര്യം ഗവണ്മെൻറ് ശ്രദ്ധിക്കുമോ ?

(ഉത്തരമില്ല)

ശ്രീ. എ. വി. ആര്യൻ : കുടുംബാസൂത്രണ പ്രചരണത്തിനു പോകുന്നവർ പത്തും പന്ത്രണ്ടും കുട്ടികളുടെ മാതാപിതാക്കളായതുകൊണ്ട് മറ്റുള്ളവർക്ക് യാതൊരു ആവേശവും കിട്ടുന്നില്ലെന്നുള്ള കാര്യം ഗവണ്മെൻറിനറിയാമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : പത്തും പന്ത്രണ്ടും മക്കളുള്ളവർ പോകുന്നതുകൊണ്ടും വളരെ ഗുണമുണ്ട്. അനുഭവംകൊണ്ട് അവർക്ക് പല കാര്യങ്ങളും ആളുകളെ പറഞ്ഞു മനസ്സിലാക്കിക്കാൻ സാധിക്കും. കുട്ടികളുടെ എണ്ണം കൂടിപ്പോയതുകൊണ്ട് അവർ അനുഭവിക്കുന്ന വിഷമതകളെപ്പറ്റി പറഞ്ഞാൽ അതു കേൾക്കുന്ന ആളുകൾക്ക് കാര്യങ്ങൾ പെട്ടന്നു മനസ്സിലാക്കാൻ സാധിക്കും. എന്നാൽ അവരുടെ പ്രവർത്തനത്തിൽ എന്തെങ്കിലും തകരാറുണ്ടെന്നു കാണുകയാണെങ്കിൽ തീർച്ചയായും വേണ്ട നടപടി നടത്താം.

ശ്രീ. എ. വി. ആര്യൻ : എങ്കിൽ കൂടുതൽ കുട്ടികളുള്ള ആളുകളെ കുടുംബാസൂത്രണ പ്രവർത്തനത്തിൽ നിയമിക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : അതു ശരിയല്ല.

ശ്രീ പി. കുഞ്ഞൻ : സ്വകാര്യ വ്യക്തികളും നടത്തുന്ന കുടുംബാസൂത്രണ പ്രവർത്തന സ്ഥാപനങ്ങളും നിറുത്തൽ ചെയ്യുന്നതായി അറിയുന്നു. അങ്ങനെ നിറുത്തൽ ചെയ്യുകയാണെങ്കിൽ അതിൽ ജോലി ചെയ്യുന്ന എക്സ്പീരിയൻസുള്ള ആളുകളെ ഗവണ്മെൻറ് സർവ്വീസിലെടുക്കുന്നകാര്യം ഗവണ്മെൻറ് പരിഗണിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : സ്വകാര്യ വ്യക്തികളും നടത്തുന്ന സ്ഥാപനങ്ങളും നിറുത്തുന്നതായി ഗവണ്മെൻറിനറിവില്ല. നിറുത്തുകയാണെങ്കിൽ അതിൽ ജോലി ചെയ്യുന്ന ആളുകളെ ഗവണ്മെൻറ് സർവ്വീസിലെടുക്കുക അത്ര എളുപ്പമുള്ള കാര്യമല്ല.

ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാട് : ഗർഭനിരോധനോപകരണമായ 'നിരോധ്' കേരളത്തിൽ കിട്ടുന്നില്ല. അതു പുറം രാജ്യങ്ങളിലേക്ക് അയക്കുകയാണെന്നുള്ള വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അതു കേരളത്തിൽ കിട്ടുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : ആ കാര്യം അനേഷിച്ചേ പറയാൻ പറ്റൂ. കിട്ടുന്നുണ്ടെന്നാണ് എന്റെ ധാരണ. ഈ ഉറകൾ പോസ്റ്റുമാൻവഴി വീടുകളിൽ എത്തിക്കാനുള്ള മാർഗ്ഗം ഇൻഡ്യാ ഗവണ്മെൻറ് ആലോചിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇതു് ആർക്കെങ്കിലും കിട്ടുന്നില്ലെന്നുള്ളകാര്യം പ്രത്യേകം ബഹുമാനപ്പെട്ട മെമ്പർ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ സ്പെഷ്യൽ മെസഞ്ചർവഴി എത്തിച്ചു തരുന്നതിനുള്ള നടപടി സ്വീകരിക്കാം.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ : കുടുംബാസൂത്രണ പരിപാടികൾക്കായി അമേരിക്കയിൽനിന്നു് ആയിരം വാഹനങ്ങൾ ഇൻഡ്യക്ക് നൽകുന്നതായി കേട്ടു. നമ്മുടെ സ്റ്റേറ്റിനു് അതിൽനിന്നു് എത്രയെങ്കിലും വാഹനം കിട്ടിയിട്ടുണ്ടോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : അമേരിക്കയിൽനിന്നു് ഇൻഡ്യാഗവണ്മെൻറിനു് വാഹനം കിട്ടുന്നുണ്ടോ എന്നുള്ള വിവരം ഈ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 24 വാഹനങ്ങൾ ഐ.യു.സി.ഡി. പ്രവർത്തനങ്ങൾക്കായി ഈ ഗവണ്മെൻറിനു് ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കെ. ശേഷൻ : ഈ പദ്ധതിയുടെ പ്രവർത്തനത്തിനു് ഇൻഡ്യാ ഗവണ്മെൻറു് എത്രയുക ഗ്രാൻറായി നൽകിയിട്ടുണ്ടെന്നു പറയാമോ ? കൊല്ലം തോറും എത്ര തുകയാണു് ഇതിനുവേണ്ടി ചെലവാക്കുന്നതു് ?

ശ്രീ. ബി. വെല്ലിംഗ്ടൺ : കൊല്ലംതോറും എത്ര തുകയാണു് ഇതിനുവേണ്ടി ചെലവഴിക്കുന്നതെന്നു ചോദിച്ചാൽ, അതു പ്രത്യേകമായി ചോദിച്ചാലേ പറയാൻ സാധിക്കുകയുള്ളു.

ശ്രീ. ഇ. അഹമ്മദു് : മൂന്നിലധികം കുട്ടികളുള്ള സർക്കാർ ജീവനക്കാരുടെ ഇൻക്രിമെൻറു് തടയുന്ന കാര്യം ഗവണ്മെൻറു് പരിഗണിച്ചുകൊണ്ടിരിക്കുകയാണെന്നു പറഞ്ഞു. അതു് ഈ ഗവണ്മെൻറു് സ്വന്തമായി പരിഗണിക്കുന്നതാണോ, അതോ ഇൻഡ്യാ ഗവണ്മെൻറിൻെറ നിർദ്ദേശപ്രകാരം പരിഗണിക്കുന്നതാണോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : മൂന്നു കുട്ടികളിൽ കൂടുതലുള്ള സർക്കാർ ജീവനക്കാരുടെ ഇൻക്രിമെൻറു് തടയുന്നപ്രശ്നം പരിഗണിക്കണമെന്നുള്ളതു് ഇൻഡ്യാ ഗവണ്മെൻറിൻെറ നിർദ്ദേശംതന്നെയാണു്.

ശ്രീ. കെ. ടി. ജേക്കബ്ബു് : കുടുംബാസൂത്രണപരിപാടികളും നടപ്പിലാക്കുന്ന കാര്യത്തിൽ ഇൻഡ്യയിൽ എത്രാമത്തെ സ്ഥാനമാണു് കേരളത്തിനുള്ളതു് ?

ശ്രീ. ബി. വെല്ലിംഗ്ടൺ : കുടുംബാസൂത്രണകാര്യത്തിൽ എപ്പോഴും സ്ഥാനം സ്ഥിരമായി നിലനിറുത്താൻ കഴിയുകയില്ല. ഈകാര്യത്തിൽ പല സ്റ്റേറുകളും ഒന്നാം സ്ഥാനത്തു മാറിമാറി വരുന്നുണ്ടു്. കേരളസംസ്ഥാനം ഒട്ടും മോശമല്ലാത്ത നിലയിലാണു് നിൽക്കുന്നതു്.

ശ്രീ. കെ. ടി. ജേക്കബ്ബു് : ഈ കാര്യത്തിൽ കേരളം പിന്നോക്കനിലയിലാണു് നിൽക്കുന്നതെന്നു് സംഭാഷണവേളയിൽ ചില ഉദ്യോഗസ്ഥന്മാർ എന്നോടു പറയുകയുണ്ടായി. മാത്രമല്ല കേരളം ഈ കാര്യത്തിൽ മാതൃകാപരമായി പ്രവർത്തിക്കുന്നില്ല എന്നും ആക്ഷേപമുള്ളതു് ഗവണ്മെൻറു് മനസ്സിലാക്കുന്നുണ്ടോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : ആരെങ്കിലും ബഹുമാനപ്പെട്ട മെമ്പറോടു് അങ്ങനെയൊരു അഭിപ്രായം പറഞ്ഞിട്ടുണ്ടെങ്കിൽ അതു് കേരളീയരെ തരംതാഴ്ത്തി പറയുന്നതിനുള്ള പ്രവണതകൊണ്ടാണു്. പല രംഗങ്ങളിലും കേരളം മുൻപന്തിയിലാണെന്നു് പ്രസ്താവിക്കുന്നതു കേൾക്കാൻ എനിക്കു് സാധിച്ചിട്ടുണ്ടു്.

ശ്രീ. എം. എം. തോമസ് : കുടുംബാസൂത്രണ പരിപാടികളോടു് അനുബന്ധിച്ചു് പ്രദർശിപ്പിച്ചിട്ടുള്ള ചിത്രങ്ങളിൽ കാണിച്ചിട്ടുള്ള പടം 'കുട്ടിത്തേവാങ്കിൻെറ' പടംപോലിരിക്കുന്നു. അതുകൊണ്ടു് അതിൽ മെച്ചപ്പെട്ട പടം വയ്ക്കുന്നതിനു ശ്രദ്ധിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : ഇൻഡ്യാ ഗവണ്മെൻറിൻെറ പാറേണനുസരിച്ചു് വരച്ചിട്ടുള്ളതാണു് ആ ചിത്രങ്ങളും.

ശ്രീ. പി. കുഞ്ഞൻ : ഒറ്റപ്പാലത്തു് സ്റ്റിപ്പോ കമ്മിറ്റി നടത്തിയിരുന്ന കുടുംബാസൂത്രണപ്രവർത്തനങ്ങളും അടുത്തകാലത്തായി നിറുത്തിയിരിക്കുകയാണു്. അതിൽ പ്രവർത്തിയെടുത്തിട്ടുള്ള പരിചയസമ്പന്നരായ തൊഴിലാളികളെ ഗവണ്മെൻറിൻെറകീഴിൽ കുടുംബാസൂത്രണ പ്രവർത്തകരായി നിയമിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : സ്റ്റിപ്പോ കമ്മിറ്റി ആദ്യകാലത്തു് പ്രവർത്തനം നടത്തിയിരുന്നു എന്നുള്ളതു് ശരിയാണു്. ഇന്നു അവർ പ്രവർത്തനം നിറുത്തിയിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്ന സാഹചര്യത്തിൽ അതിൽ പ്രവർത്തിയെടുത്തിരുന്ന ആളുകളെ ഗവണ്മെൻറ് സർവ്വീസിലെടുക്കുക എളുപ്പമുള്ള കാര്യമല്ല. എങ്കിലും കഴിയുമെങ്കിൽ എന്തെങ്കിലും ചെയ്യാൻ ശ്രമിക്കാം.

ആശുപത്രികളിൽ ഔഷധങ്ങൾ ലഭിക്കുന്നില്ലെന്നുള്ള പരാതി

* 31. [53] ശ്രീ. ജെ. കമാലിയാസ് മൊറായിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തെ ഗവണ്മെൻറ് ആശുപത്രികളിൽ അവശ്യം വേണ്ടതായ ഔഷധങ്ങൾ ലഭിക്കുന്നില്ലെന്നുള്ള പരാതി ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആവശ്യമായ ഔഷധങ്ങൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ?

ആരോഗ്യമന്ത്രി (ശ്രീ. ബി. വെല്ലിംഗ്ടൺ) :

(എ) ഉണ്ട്.

(ബി) പരാതി ലഭിച്ചാൽ ഉടനെതന്നെ അതാതു ഡിസ്ട്രിക്ട് മെഡിക്കൽ സ്റ്റോറിൽനിന്നും മരുന്നു വിതരണംചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ് പതിവ്. കൂടാതെ ഡിസ്ട്രിക്ട് സ്റ്റോറുകളിലില്ലാത്ത മരുന്നുകൾ ഉടനെതന്നെ തിരുവനന്തപുരം ഗവണ്മെൻറ് സെൻട്രൽ മെഡിക്കൽ സ്റ്റോറിൽനിന്ന് എത്തിച്ചുകൊടുക്കാറുമുണ്ട്.

ശ്രീ. ജെ. കമാലിയാസ് മൊറായിസ് : ആശുപത്രികളിൽനിന്ന് അനധികൃതമായി മരുന്നുകൾ ചോർത്തിക്കൊണ്ടുപോകുന്നതുകൊണ്ടാണ് ഔഷധമില്ലെന്നുള്ള പരാതി വരുന്നതെന്നുള്ള കാര്യം ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : ആശുപത്രികളിൽ മരുന്നില്ലെന്നുള്ള പരാതികൾ പല കാരണങ്ങളാലുംവരാം. ഒരുപക്ഷേ ഒരു പ്രത്യേക സുഖക്കേടു് ഉണ്ടാകുമ്പോൾ അതിനുവേണ്ടി സാധാരണ നിലയിൽ സ്റ്റാക്കു ചെയ്തിരുന്ന മരുന്നു് തീർന്നുപോയെന്നു വരാം. ഈ കാര്യത്തെക്കുറിച്ചു് പല സ്ഥാപനങ്ങളിലും ഞാൻ എഴുതിച്ചോദിച്ചിരുന്നു. ഒരു പ്രത്യേക സംഹചര്യത്തിൽ ഒരു ആശുപത്രിയിൽ മരുന്നില്ലെന്നു പരാതികിട്ടിയ ഉടനെ അടിയന്തിരമായി ടെലിപ്രിൻറർ മെസേജു് കൊടുത്തു് കാലിക്കറ്റു് മെഡിക്കൽകോളേജു് പ്രിൻസിപ്പലിൽനിന്നു് വരുത്തിയമറുപടി ഞാൻ ഇവിടെ വായിക്കാം.

Sufficient medicines are available in the hospital. There was some difficulty with regard to the supply of Nitrous Oxide and Oxygen because of non-supply of these gases by the Indian Oxygen, Madras who were the only firm who could supply these items at that time. This difficulty has been removed with the commissioning of the Central supply (bulk supply).

ഓരോ സ്ഥലത്തേയും വിവരങ്ങൾ എത്രവേഗത്തിൽ കിട്ടാൻ കഴിയുമോ അതനുസരിച്ചു് കൈക്കൊള്ളേണ്ടതായ നടപടികൾ ഗവണ്മെൻറു് കൈക്കൊള്ളുന്നുണ്ടു്.

ശ്രീ. എം. ചടയൻ : മലപ്പുറം താലൂക്കാശുപത്രി ഡിസ്ട്രിക്ട് ആശുപത്രിയാക്കി ഉയർത്തിയിട്ടു് അതിനാവശ്യമായ മരുന്നു് ലഭിക്കുന്നില്ലെന്നുള്ള പരാതി വന്നിരിക്കുകയാണു്. ഡിസ്ട്രിക്ട് ആശുപത്രിയായി ഉയർത്തിയ നിലക്കു് ആവശ്യമായ മരുന്നുകൾ ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതല്ലേ?

LIBRARY ARCHIVES Kerala Legislative Assembly